# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6620 12.07.2012 ൽ മറുപടിയ്ക്ക്

**<u>ഭാരം കയറ്റിയ വാഹനങ്ങൾ മൂലം റോഡ് തകരുന്നത് സംബന്ധിച്ച പഠനം</u>**

| ചോദ്യം<br>ശ്രീമതി കെ.കെ. ലതിക | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്തെ വിവിധതരം റോഡുകളിലൂടെ സഞ്ചരിക്കുന്ന വാഹനങ്ങളിൽ എത്ര അളവുവരെ ഭാരം കയറ്റാം എന്നതിനെ സംബന്ധിച്ച് മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഓരോ വാഹനത്തിലും കയറ്റിക്കൊണ്ടു പോകാവുന്ന പരമാവധി ഭാരം എത്രയെന്ന് വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലും പെർമിറ്റിലും രേഖപ്പെടുത്തിയിട്ടുണ്ടായിരിക്കും. വാഹനങ്ങളുടെ തരമനുസരിച്ച് കയറ്റിക്കൊണ്ടുപോകുന്ന ഭാരത്തിന്റെ അളവിൽ മാറ്റം വരുന്നതാണ്. ടയറുകളുടെ വലുപ്പവും പ്ലൈ റേറ്റിംഗും (Ply rating) സംബന്ധിച്ച് 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 95 അനുസരിച്ച് കേന്ദ്ര സർക്കാർ നിയമിച്ച ഏജൻസികൾ സാക്ഷ്യപ്പെടുത്തിയതോ, കേന്ദ്ര സർക്കാർ ഓരോ വാഹനത്തിനും വിജ്ഞാപനം ചെയ്തിട്ടുള്ളതോ ആയ വ്യവസ്ഥകൾ മാനദണ്ഡമാക്കിയാണ് കയറ്റാവുന്ന പരമാവധി ഭാരം കണക്കാക്കുന്നത്. ഭാരം കയറ്റികൊണ്ട് പോകുന്നതിന് ചില പ്രാദേശിക നിയന്ത്രണങ്ങളല്ലാതെ റോഡുകളെ പ്രത്യേകം തരം തിരിച്ചിട്ടില്ല. |
| (ബി) നിർമ്മാണ വസ്തുക്കൾ കയറ്റിയ വാഹനങ്ങൾ സഞ്ചരിക്കുന്നതിനാൽ ഗ്രാമീണ റോഡുകൾ തകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വാഹനങ്ങൾ അനുവദനീയമായതിലും കൂടുതൽ ഭാരം കയറ്റി സർവ്വീസ് നടത്തുന്നത് റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. ഇത് നിയന്ത്രിക്കുന്നതിന് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥൻമാർ ഇത്തരം അധിക ഭാരം കയറ്റികൊണ്ടു പോകുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് പിഴ ഈടാക്കുന്നു. |
| (സി) ഇക്കാര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ച് പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് തയ്യാറാകുമോ? | (സി) | ഇക്കാര്യം ഇപ്പോൾ ഗതാഗത വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ